## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1623

04.10.2016 - ൽ മറുപടിക്ക്.

### സിഡ്കോ, കെ.എസ്.ഐ.ഇ. എന്നിവ മുഖേന സ്ഥാപിക്കുന്ന ഹൈമാസ്റ്റ് ലൈറ്റുകൾ

ചോദ്യം
ശ്രീ. എം. മുകേഷ്.

മറുപടി
ശ്രീ. ഇ. പി. ജയരാജൻ
(വ്യവസായവും കായികവും വകുപ്പ് മന്ത്രി).

| ചോദ്യം | മറുപടി |
|---|---|
| (എ) സിഡ്കോ, കെ.എസ്.ഐ.ഇ. എന്നിവ ഹൈമാസ്റ്റ് ലൈറ്റുകളുടെ ഉൽപ്പാദനമോ വിതരണമോ നടത്തുന്നുണ്ടോ ; | (എ) : സിഡ്കോ, കെ.എസ്.ഐ.ഇ. എന്നിവ ഹൈമാസ്റ്റ് ലൈറ്റുകൾ ഉത്പാദിപ്പിക്കുന്നില്ല. വിതരണം മാത്രം നടത്തുന്നുണ്ട്. |
| (ബി) നിയമസഭാ സാമാജികർക്കായുള്ള പ്രത്യേക വികസന ഫണ്ട് വിനിയോഗിച്ച് സ്ഥാപിക്കുന്ന ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനായി സിഡ്കോ, കെ.എസ്.ഐ.ഇ. എന്നിവക്ക് നൽകുന്ന പ്രവൃത്തികൾ ഏത് ഏജൻസി മുഖാന്തിരമാണ് നടത്തുന്നത് ; | (ബി) : നിയമസഭാ സാമാജികർക്കായുള്ള പ്രത്യേക വികസന ഫണ്ട് വിനിയോഗിച്ച് സ്ഥാപിക്കുന്ന ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനായി കെ.എസ്.ഐ.ഇ. ഏറ്റെടുക്കുന്ന പ്രവൃത്തികൾ ഏൽപ്പിക്കുന്നത് സ്ഥാപനം അംഗീകരിച്ച വിക്രേതാക്കളുടെ പട്ടികയിൽ ഉൾപ്പെടുന്ന ഏജൻസിയെയാണ്. സിഡ്കോയ്ക്ക് വിപണനം മാത്രമാണുള്ളത്. വിൽപ്പന വരുന്ന മുറയ്ക്ക് ടെൻഡർ ക്ഷണിച്ച് വിൽപ്പന ഏൽപ്പിക്കുകയാണ് ചെയ്യുന്നത്. |
| (സി) പ്രസ്തുത ലൈറ്റുകളുടെ സ്ഥാപനം പരിപാലനം എന്നിവ നിർവഹിക്കുന്നതിന് കൊല്ലം ജില്ലയിൽ സിഡ്കോ, കെ.എസ്.ഐ.ഇ. ചുമതലപ്പെടുത്തിയ ഏതെങ്കിലും ഏജൻസിയുണ്ടോ ; വിശദാംശം നൽകുമോ ? | (സി) : കൊല്ലം ജില്ലയിൽ സിഡ്കോയ്ക്ക് ഏജൻസി ഇല്ല. കെ.എസ്.ഐ.ഇ. - യ്ക്ക് 2 വിക്രേതാക്കൾ കൊല്ലം ജില്ലയിൽ ഉണ്ട്.<br>1. M/s. J.N. Lighting Kerala, 1st Floor, Mary Vill Annex, West Othara P.O. Thiruvalla -689 551.<br>2. M/s. R.G. Electronics, Nandanam (Snehatheeram), Padinjattinkara, Kottarakkara, Kollam – 691 506. |

സെക്ഷൻ ഓഫീസർ.

ക/30/09